# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.151/PR/PIC/PHQ/18 Date : 13.06.2018

## കുട്ടികളുടെ സുരക്ഷ –
## മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും കൂടുതൽ സമഗ്രമാക്കും

സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുമ്പോഴുൾപ്പെടെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ (Protocol) കൂടുതൽ സമഗ്രമാക്കും. കുട്ടികളുടെ സുരക്ഷ ശക്തമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാർ നിർദ്ദേശിച്ച പ്രകാരം പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ വിളിച്ചു ചേർത്ത യോഗമാണ് ഈ തീരുമാനം കൈക്കൊണ്ടത്. പൊതു വിദ്യാഭ്യാസ സെക്രട്ടറി എ. ഷാജഹാൻ, അഡ്മിനിസ്ട്രേഷൻ ഐ.ജി. പി. വിജയൻ, ഡിപി.ഐ. കെ.വി.മോഹൻകുമാർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ രാജീവ് പുത്തലത്ത് എന്നീ ഉദ്യോഗസ്ഥർ പങ്കെടുത്തു.

പോലീസും, വിദ്യാഭ്യാസ വകുപ്പും ഗതാഗത വകുപ്പുമുൾപ്പെടെ സ്കൂൾ സുരക്ഷയ്ക്കായി വിവിധ വകുപ്പുകളും എജൻസികളും നിരവധി നിർദേശങ്ങൾ മുൻപ് നല്കിയിരുന്നു. എന്നാൽ മരട് അപകടം നടന്ന സാഹചര്യങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ സമഗ്രവും ഏകീകൃതവുമായ മാർഗരേഖയും പൊതു നടപടിക്രമവും (Standard Operating Procedure) തയ്യാറാക്കാൻ തീരുമാനമായത്. ഇതിനായി സ്കൂൾ അധികൃതർ, അധ്യാപകർ, രക്ഷാകർത്താക്കൾ തുടങ്ങിയവരിൽനിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കും.

സ്കൂൾസുരക്ഷയുമായി ബന്ധപ്പെട്ട് നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന കർശനമാക്കുവാനും യോഗം തീരുമാനിച്ചു. നിലവിലുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട സ്കൂൾ അധികൃതർക്കെതിരേയും നിയമനടപടി സ്വീകരിക്കും. അപകടങ്ങളിൽപെടുന്ന പല വാഹനങ്ങളും പിന്നീട് പരിശോധിക്കുമ്പോൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ലായിരുന്നുവെന്ന് കണ്ടെത്താറുണ്ട്. പത്തു പതിനഞ്ച് വർഷം പഴക്കമുള്ള വാഹനങ്ങൾ പിന്നീട് സ്കൂൾ വാഹനങ്ങളായി പരിഷ്കരിച്ച് ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത വാഹനങ്ങൾ ഓടിച്ചാൽ സ്കൂൾ അധികൃതർക്കെതിരെയും കർശനനടപടിയെടുക്കും. വേണ്ടത്ര യോഗ്യതയില്ലാത്തവരും ശരിയായ പരിശീലനം ലഭിക്കാത്തവരും വാഹനങ്ങൾ ഓടിക്കുന്നത് കർശനമായി തടയും.

സുരക്ഷ കർശനമാക്കാൻ വാഹനങ്ങളിൽ ക്യാമറ സ്ഥാപിക്കുക, സുരക്ഷാനിർദ്ദേശങ്ങൾ സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കുക, യാത്ര തുടങ്ങുമ്പോൾ ഡ്രൈവർമാർക്കുള്ള അനൗൺസ്മെന്റുകൾ നല്കുക തുടങ്ങിയ നിരവധി നിർദ്ദേശങ്ങളും യോഗം ചർച്ച ചെയ്തു.

സുരക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ ജൂൺ പതിനെട്ടിനകം പോലീസ് ആസ്ഥാനത്തെ അഡ്മിനിസ്ട്രേഷൻ ഐ.ജി. ക്ക് igpadmin.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ നല്കണമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

*********